പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം :*468

22.03. 2018 ൽ മറുപടിക്ക്

## വൈദ്യുതി ബോർഡ് അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി

ചോദ്യം

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

"പി.ടി.തോമസ്

"എ.പി.അനിൽ കുമാർ

" അനിൽ അക്കര.

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)വൈദ്യുതി ബോർഡ് അഭിമുഖീകരിക്കുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി മറി കടക്കുന്നതിന് എന്തൊക്കെ ക്രിയാത്മക മാർഗ്ഗങ്ങളാണ് ബോർഡ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) വൈദ്യുതി ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു..<br>(i) മുൻകാലങ്ങളിലെന്ന പോലെ ഉയർന്ന നിരക്കുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശ നിരക്കുള്ള വായ്പയെടുക്കുന്നതാണ്.<br>(ii) കെ.എസ്.ഇ.ബി യുടെ വിവിധ ശീർഷകങ്ങളിലുള്ള ചെലവുകൾ പരമാവധി കുറച്ചും വൈദ്യുതി ചാർജ്ജ് കുടിശ്ശിക പരമാവധി പിരിച്ചെടുത്തും വരുമാനം കൂട്ടി ഉപഭോക്താവിന് ഗുണകരമായ രീതിയിൽ പ്രവർത്തിക്കുന്നതാണ്.<br>(iii) കേന്ദ്ര സർക്കാർ 20.11.2015 ൽ പ്രഖ്യാപിച്ച ഉദയ് പദ്ധതിയുടെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയാകുന്നതിന് നടപടിയെടുത്തു. പ്രസ്തുത പദ്ധതി പ്രകാരം AT & C Loss ഉം റവന്യു ഗ്യാപ്പും കുറയ്ക്കുന്നതിനുള്ള നടപടിയെടുക്കുന്നതാണ്.<br>iv) മിതമായ വിലയിൽ ഹ്രസ്വ-ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തന മികവ് കൂട്ടുതൽ മെച്ചപ്പെടുത്തുന്നതിലൂടെ ബോർഡിന്റെ ബാധ്യതകൾ പരിഹരിക്കാനുമാണ് ശ്രമിക്കുന്നത്.<br>കൂടാതെ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വൈദ്യുത ചാർജ്ജ് കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടേണ്ട ഏകദേശം 1400 കോടി രൂപ സമയബന്ധിതമായി ലഭ്യമായാൽ ബോർഡിന്റെ സാമ്പത്തിക സ്ഥിതി ഗണ്യമായി മെച്ചപ്പെടുന്നതാണ്. സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച ചെലവുകൾക്കനുസൃതമായ താരിഫ് നിശ്ചയിക്കേണ്ടതും വൈദ്യുതി ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് അത്യന്താപേക്ഷിതമാണ്. |

| | |
|---|---|
| (ബി) കേന്ദ്ര നിലയങ്ങളിൽ നിന്നും സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ഉൾപ്പെടെ വൈദ്യുതി വാങ്ങിയ ഇനത്തിൽ എന്ത് തുക വൈദ്യുതി ബോർഡിന് ബാധ്യതയായുണ്ട്; | (ബി) കേന്ദ്ര നിലയങ്ങളിൽ നിന്നും, സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ജനുവരി 2018 ലെ കണക്കുകൾ പ്രകാരം 1658 ദശലക്ഷം യൂണിറ്റ് വാങ്ങിയതിൽ 670 കോടി രൂപ ചെലവായിട്ടുണ്ട്.<br>വലിയ അളവിൽ പുറത്തുനിന്ന് ഓരോ വർഷവും വേനൽക്കാലത്ത് വൈദ്യുതി വാങ്ങുന്നതിനായി ബാങ്കുകളിൽ നിന്ന് ഓവർഡ്രാഫ്റ്റ് എടുക്കുകവഴി കെ.എസ്.ഇ.ബി.ലിമിറ്റഡിന് നടപ്പു സാമ്പത്തിക വർഷം ഉൾപ്പെടെ (ഫെബ്രുവരി 2018 വരെ) ഏകദേശം 2700 കോടിയോളം രൂപ ബാധ്യതയുണ്ടായിട്ടുണ്ട്. |
| (സി) സാമ്പത്തിക പ്രതിസന്ധി മൂലം പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും ബോർഡിന് കഴിയാത്ത സാഹചര്യമുണ്ടോ എന്നറിയിക്കാമോ? | (സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിൽ 35,000-ത്തോളം ജീവനക്കാർ ജോലി ചെയ്യുന്നു. എന്നാൽ 27,175 ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും നൽകാനുള്ള സാമ്പത്തിക അനുമതി മാത്രമാണ് ബഹുമാനപ്പെട്ട കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (KSERC) അനുവദിച്ചിട്ടുള്ളത്. 27,175-ന് പുറത്തുള്ള ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുള്ള തുക KSERC അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ ചെലവ് താരിഫ് ഇനത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്.<br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നടപ്പാക്കിയിട്ടുള്ള കമ്പ്യൂട്ടർവത്കരണത്തിന്റെയും നൂതന സാങ്കേതിക വിദ്യകളുടെയും ഫലമായി നിലവിലുള്ള ജീവനക്കാരുടെ എണ്ണവും ചെലവുകളും കുറയ്ക്കാനും അധികമായി കണ്ടെത്തുന്ന ജീവനക്കാരെ പുനർവിന്യസിക്കാനും 2010-ൽ ബഹുമാനപ്പെട്ട KSERC കെ.എസ്.ഇ.ബി. ലിമിറ്റഡിന് നിർദ്ദേശം നൽകിയിരുന്നു. ഇതിനെത്തുടർന്ന് ഐ.ഐ.എം കോഴിക്കോടിനെ പഠനത്തിനായി നിയോഗിച്ചു. ഐ.ഐ.എം. കോഴിക്കോടിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ തസ്തികയിലേയും ആവശ്യം വേണ്ട എണ്ണം ജീവനക്കാരെ കണ്ടെത്തുകയും ഏതെങ്കിലും തസ്തികകളിൽ അധികമായി ജീവനക്കാരെ കണ്ടെത്തിയാൽ അവരെ മറ്റു തസ്തികയിലേക്കു പുനർവിന്യസിക്കേണ്ടിയും വരും. വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിയാത്ത സാഹചര്യം നിലവിലില്ല. സാമ്പത്തിക പ്രതിസന്ധി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനേയും വികസന പ്രവർത്തനങ്ങളെയും ബാധിച്ചിട്ടില്ല. ബാങ്കുകളിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്താണ് ബോർഡ് പ്രവർത്തനങ്ങൾ നടത്തുന്നത്. |

സെക്ഷൻ ഓഫീസർ